# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
**ഫോൺ: 0481 2731020, 2732650,**
**മൊബൈൽ: 9846720402**

പി.ആർ.ഒ/35/79/2017     <u>പത്രക്കുറിപ്പ്</u>     2017 ഏപ്രിൽ 17

**അപേക്ഷാതീയതി**

അഫിലിയേറ്റഡ് കോളേജുകളിലെ എട്ടാം സെമസ്റ്റർ ബി.എ (ക്രിമിനോളജി) എൽ.എൽ.ബി (ഓണേഴ്സ്-റഗുലർ/സപ്ലിമെന്ററി-2015 ന് മുൻപുള്ള അഡ്മിഷൻ) ഡിഗ്രി പരീക്ഷകൾ മെയ് 23 ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ മെയ് 2 വരെയും 50 രൂപ പിഴയോടെ 3 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 5 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർത്ഥികൾ 100 രൂപയും വീണ്ടുമെഴുതുന്നവർ ഒരു പേപ്പറിനു 20 രൂപ വീതവും (പരമാവധി 100) സി.വി ക്യാമ്പ് ഫീസായി നിശ്ചിത പരീക്ഷാഫീസിനു പുറമേ അടക്കേണ്ടതാണ്.

**പരീക്ഷാതീയതി**

ആറാം സെമസ്റ്റർ ബി.എസ്‌സി. സൈബർ ഫോറൻസിക് (സി.ബി.സി.എസ്.എസ്-റഗുലർ) മാർച്ച്/ഏപ്രിൽ 2017 ഡിഗ്രി പരീക്ഷകൾ ഏപ്രിൽ 27 ന് ആരംഭിക്കും. പരീക്ഷ ആരംഭിച്ച് 15 ദിവസത്തിനകം ഇന്റേണൽ മാർക്കുകൾ അപ്‌ലോഡ് ചെയ്യാത്ത കോളേജുകളിൽ നിന്നും ഒരു വിദ്യാർത്ഥിക്ക് 500 രൂപ നിരക്കിൽ പിഴ ഈടാക്കുന്നതാണ്. 10 ദിവസത്തിൽ കൂടുതൽ വൈകിയാൽ 1000 രൂപ നിരക്കിലും കോളേജുകൾ പിഴയൊടുക്കേണ്ടതാണ്.

**രണ്ടാം സെമസ്റ്റർ യൂ.ജി. സപ്ലിമെന്ററി/റീഅപ്പിയറൻസ് അപേക്ഷകൾ**

രണ്ടാം സെമസ്റ്റർ യൂ.ജി. (സി.ബി.സി.എസ്.എസ് സപ്ലിമെന്ററി, റീഅപ്പിയറൻസ്-2013, 2014, 2015 അഡ്മിഷൻ) വിദ്യാർത്ഥികൾക്ക് പിഴയില്ലാതെ ഏപ്രിൽ 22 വരെയും 50 രൂപ പിഴയോടെ 24 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 26 വരെയും അപേക്ഷിക്കാം. സി.വി ക്യാമ്പ് ഫീസായി സെമസ്റ്ററൊന്നിന് 100 രൂപയും അപേക്ഷാഫോം വെബ്ബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തെടുക്കുന്നവർ 20 രൂപയും നിശ്ചിത പരീക്ഷാഫീസിനു പുറമേ അടക്കേണ്ടതാണ്. 2014 & 2015 അഡ്മിഷനിലുള്ള രണ്ടാം സെമസ്റ്റർ സപ്ലിമെന്ററി/റീഅപ്പിയറൻസ് വിദ്യാർത്ഥികൾ കോളേജുകളിൽ നിന്നും ഓൺലൈനായി രജിസ്റ്റർ ചെയ്യണം. 2013 അഡ്മിഷൻ വിദ്യാർത്ഥികൾ നിശ്ചിത തീയതിക്കുള്ളിൽ അപേക്ഷ സർവ്വകലാശാലയിൽ സമർപ്പിച്ചിരിക്കണം. 2013 അഡ്മിഷനു മുൻപുള്ള വിദ്യാർത്ഥികൾക്ക് മേഴ്സിചാൻസ് അപേക്ഷകൾക്കുള്ള തീയതി പിന്നീട്.

**പരീക്ഷാകേന്ദ്രം**

ഒന്നാം വർഷം മുതൽ നാലാം വർഷം വരെയുള്ള ബി.എസ്‌സി. നഴ്സിങ് (2002-2006 അഡ്മിഷൻ - പരാജയപ്പെട്ട വിദ്യാർത്ഥികൾ) അവസാന മേഴ്സി ചാൻസ് പരീക്ഷകൾ ഏപ്രിൽ 20 മുതൽ കോട്ടയം ഗാന്ധിനഗർ ഐ. എൻ. ഇ കേന്ദ്രത്തിൽ മാത്രം നടത്തുന്നതാണ്.

**പ്രാക്ടിക്കൽ പ്രൊജക്റ്റ് & വൈവാ വോസി**

അഞ്ചും ആറും സെമസ്റ്റർ മോഡൽ 1, 2, 3 ബോട്ടണി (സി.ബി.സി.എസ്.എസ്) മാർച്ച്/ഏപ്രിൽ 2017 പരീക്ഷകളുടെ പ്രാക്ടിക്കൽ ഏപ്രിൽ 20 മുതൽ വിവിധ കേന്ദ്രങ്ങളിൽ ആരംഭിക്കും വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

തൃപ്പൂണിത്തുറ ആർ.എൽ.വി കോളേജിൽ നടത്തിയ നാലാംസെമസ്റ്റർ ബി.എ കഥകളിസംഗിതം (കോംപ്ലിമെന്ററി കഥകളി വേഷം വിദ്യാർത്ഥികൾക്ക്) മാർച്ച് 2017 (സി.ബി.സി.എസ്.എസ്) പരീക്ഷയുടെ പ്രാക്ടിക്കൽ ഏപ്രിൽ 24 നും ആറാം സെമസ്റ്റർ കഥകളി സംഗീതം പ്രാക്ടിക്കലും പ്രോജക്ട് ഇവാല്യൂവേഷനും 25 നും ആർ.എൽ.വി കോളേജിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

ആറാം സെമസ്റ്റർ ബി.എ മലയാളം (സി.ബി.സി.എസ്.എസ്-റഗുലർ/സപ്ലിമെന്ററി) മാർച്ച് 2017 പരീക്ഷയുടെ പ്രൊജക്ട് & വൈവാവോസി ഏപ്രിൽ 24 ന് വിവിധ കേന്ദ്രങ്ങളിൽ ആരംഭിക്കും. ഏറ്റുമാനാരപ്പൻ കോളേജിലെ

വിദ്യാർത്ഥികൾ കുറവിലങ്ങാട് ദേവമാതാ കോളേജിലും, തൊടുപുഴ ന്യൂമാൻ കോളേജിലെ വിദ്യാർത്ഥികൾ മൂവാറ്റുപുഴ നിർമ്മല കോളേജിലും, പത്തനംതിട്ട ഇലന്തൂർ ഗവ : ആർട്സ് & സയൻസ് കോളേജിലെ വിദ്യാർത്ഥികൾ പത്തനംതിട്ട കാതോലിക്കേറ്റ് കോളേജിലും പരീക്ഷകൾക്ക് ഹാജരാകേണ്ടതാണ്.

**പരീക്ഷാഫലം**

2016 മെയ് മാസം നടത്തിയ രണ്ടാം സെമസ്റ്റർ മോഡൽ 1, 2, 3 ബി.കോം, ബി.ബി.എ, ബി.ബി.എം, ബി.സി.എ, ബി.എഫ്.റ്റി, ബി.എസ്.ഡബ്ല്യൂ, ബി.റ്റി.എസ് (2015 അഡ്മിഷൻ റഗുലർ/2009 മുതൽ 2014 വരെയുള്ള അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. . സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ യത്തിനുമുള്ള അപേക്ഷകൾ മെയ് 3 വരെ സ്വീകരിക്കും.

2016 മെയ് മാസം നടത്തിയ രണ്ടാം സെമസ്റ്റർ മോഡൽ 1, 2, 3 ബി.എ (2015 അഡ്മിഷൻ റഗുലർ/റീ അപിയറൻസ് - 2013, 2014 അഡ്മിഷൻ / 2013 ന് മുൻപുള്ള അഡ്മിഷൻ) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ മെയ് 3 വരെ സ്വീകരിക്കും. തൊടുപുഴ ന്യൂമാൻ കോളേജിലെ രണ്ടാം സെമസ്റ്റർ ബി. എ ഇംഗ്ലീഷ് മോഡൽ 1, ബി. എ ഇംഗ്ലീഷ് ലിറ്ററേച്ചർ & കമ്മ്യൂണിക്കേഷൻ മോഡൽ 3 (ഡബ്ബിൾ മെയിൻ) പരീക്ഷകളുടെ ഫലം പിന്നീട് പ്രസിദ്ധപ്പെടുത്തും.

2016 ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം. എ ഇംഗ്ലീഷ് (സി.എസ്.എസ് - റഗുലർ/ബെറ്റർമെന്റ്/ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധ നയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ഏപ്രിൽ 28 വരെ സ്വീകരിക്കും

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**